"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ശ്രീ. സിജു ടി. കെ മുതൽപേർ ബഹു. കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) No. 9617/2024 മേലുള്ള 02.04.2024 തീയതിയിലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1247/2025/LSGD തീയതി,തിരുവനന്തപുരം, 22-05-2025

---

പരാമർശം:-

1. തൊടുപുഴ നഗരസഭാ സെക്രട്ടറിയുടെ 08.09.2023 ലെ H2-2752/23 നമ്പർ കത്ത്
2. ശ്രീ. സിജു ടി. കെ മുതൽപേർ ബഹു. കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) No. 9617/2024 മേലുള്ള 02.04.2024 തീയതിയിലെ വിധിന്യായം
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 03.09.2024 ലെ LSGD/PD/12404/2024-LL2 നമ്പർ കത്ത്.

**ഉത്തരവ്**

തൊടുപുഴ മുനിസിപ്പാലിറ്റിയിലെ താൽക്കാലിക ശുചീകരണ തൊഴിലാളികളായ ശ്രീ.സിജു ടി.കെ മുതൽപേർ ബഹു. കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C)9617/2024 നമ്പർ കേസിന്മേലുള്ള പരാമർശം (2) വിധിന്യായ പ്രകാരം, Exhibit P4 ന്മേൽ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് 1-ാം എതിർ കക്ഷിയായ സർക്കാരിനോട് നിർദേശിച്ചിരുന്നു. തൊടുപുഴ നഗരസഭാ സെക്രട്ടറി പ്രിൻസിപ്പൽ ഡയറക്ടർ മുഖേന സർക്കാരിൽ സമർപ്പിച്ചിരുന്ന പരാമർശം (1) കത്തിൽ (Exhibit P4), തൊടുപുഴ നഗരസഭയിലെ ആരോഗ്യ വിഭാഗത്തിൽ ശുചീകരണ തൊഴിലാളികളുടെ 20 പുതിയ സ്ഥിരം തസ്തികകൾ അനുവദിക്കുന്നതിന് സർക്കാരിലേക്ക് അപേക്ഷിക്കുന്നതിന് തീരുമാനിച്ച 11.05.2023 ലെ 12/1 നമ്പർ കൗൺസിൽ തീരുമാനത്തിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അപേക്ഷിച്ചിരുന്നു.

2. ശുചീകരണ തൊഴിലാളികളുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന പക്ഷം ഒരു തൊഴിലാളിക്ക് പ്രതിവർഷം 4 ലക്ഷം രൂപ നിരക്കിൽ ഏകദേശം 80 ലക്ഷം രൂപ നഗരസഭയ്ക്ക് ചെലവ് വരുന്നതാണെന്നും സമാന ആവശ്യം ഉന്നയിച്ചുകൊണ്ട് 86 നഗരസഭകളിൽ നിന്നും 6 കോർപ്പറേഷനുകളിൽ നിന്നും അപേക്ഷകൾ ലഭിക്കുന്നതിനുള്ള സാഹചര്യം നിലനിൽക്കുന്നുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം(3) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിൽ തസ്തിക സൃഷ്ടിക്കൽ

നഗരസഭയെ സാമ്പത്തിക പ്രതിസന്ധിയിലാക്കും എന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്. 11.05.2023 ൽ നടന്ന നഗരസഭ കൗൺസിൽ യോഗത്തിന്റെ മിനുട്സിലും നഗരസഭയുടെ തനതു ഫണ്ട് കുറയുന്നു എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ, തൊടുപുഴ നഗരസഭയിൽ ശുചീകരണ തൊഴിലാളികളുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് തൽക്കാലം നിർവാഹമില്ലാത്തതാണ്. ആയതിനാൽ തൊടുപുഴ നഗരസഭയിലെ ആരോഗ്യ വിഭാഗത്തിൽ ശുചീകരണ തൊഴിലാളികളുടെ 20 പുതിയ സ്ഥിരം തസ്തികകൾ അനുവദിക്കണമെന്ന Exhibit P4 ലെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. WP(C)9617/2024 ഹർജിയിന്മേലുള്ള ബഹു. കേരള ഹൈക്കോടതിയുടെ 02.04.2024 ലെ വിധിന്യായം ഇപ്രകാരം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (ആമുഖ കത്ത് സഹിതം)

സെക്രട്ടറി, തൊടുപുഴ മുനിസിപ്പാലിറ്റി

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

WP(C)9617/2024 നമ്പർ കേസിലെ 1 മുതൽ 16 വരെ കക്ഷികൾക്ക് (തൊടുപുഴ മുനിസിപ്പാലിറ്റി സെക്രട്ടറി മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 22-05-2025 11:51:56
സെക്ഷൻ ഓഫീസർ